കേരള സർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

## എസ്.എസ്.എൽ.സി പരീക്ഷ
## മാർച്ച് - 2026

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12

ഇ.എക്സ്/സി.ജി.എൽ(1)/40000/2025/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-12
തീയതി : 29/10/2025

# വിജ്ഞാപനം

വിഷയം : എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2026 - സംബന്ധിച്ച്.

സൂചന :
1. ജി.ഒ.(എം.എസ്) 200/2006/പൊ.വി.വ. തീയതി 14.08.2006
2. ജി.ഒ.(എം.എസ്) 12/2007/പൊ.വി.വ തീയതി 20.01.2007
3. ജി.ഒ.(ആർ.ടി)നം.4610/2012/പൊ.വി.വ.തീയതി 28.09.2012.
4. സ.ഉ(സാധാ)നം. 4932/2024/GEDN തീയതി.08.08.2024.

2025-26 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ **05/03/2026 വ്യാഴാഴ്ച** ആരംഭിച്ച് **30/03/2026 തിങ്കളാഴ്ച** അവസാനിക്കുന്നതാണ്. 14/08/2006-ലെ ജി.ഒ. (എം.എസ്) 200/2006-പൊ.വി.വ., 20/01/2007-ലെ ജി.ഒ.(എം.എസ്) 12/2007-പൊ.വി.വ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് രീതിയിൽ മാത്രമാണ് പരീക്ഷ നടത്തുന്നത്. 2025-26 അധ്യയന വർഷം നിലവിൽ വന്ന പരിഷ്ക്കരിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതിയ സിലബസ് പ്രകാരം മാർച്ച് 2026-ൽ പത്താം തരത്തിൽ പരീക്ഷയെഴുതുന്നവർ റഗുലർ ആയും, 2020-2021 മുതൽ 2024-2025 വരെയുള്ള അധ്യയന വർഷങ്ങളിൽ ആദ്യമായി പത്താംതരം പരീക്ഷയെഴുതി ഏതെങ്കിലും വിഷയത്തിൽ ഇനിയും വിജയിക്കാത്തവർക്കായി പഴയ സ്കീമിൽ പ്രൈവറ്റായും (PCO) പരീക്ഷ നടത്തുന്നതാണ്.

2021 മാർച്ചിന് മുമ്പ് പരീക്ഷ എഴുതി പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷ എഴുതി തുടർ പഠനത്തിന് അർഹത നേടാവുന്നതാണ്.

## I. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

1. 2026 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷ മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ മാധ്യമങ്ങളിൽ നടത്തപ്പെടുന്നു.
2. ഇംഗ്ലീഷ്, ഗണിത ശാസ്ത്രം, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളുടെ എഴുത്തു പരീക്ഷയുടെയും തുടർ മൂല്യനിർണയത്തിന്റെയും സ്കോർ 80:20 ഉം, ഇൻഫർമേഷൻ ടെക്നോളജി ഒഴികെയുള്ള മറ്റു വിഷയങ്ങളുടേത് 40:10 ഉം ആയിരിക്കും.
3. ജി.ഒ.(ആർ.ടി) നം.4610/2012/പൊ.വി.വ., തീയതി 28/09/2012 പ്രകാരമുള്ള ഉത്തരവനുസരിച്ച് ഐ.റ്റി. വിഷയത്തിന് 50 സ്കോറിന്റെ പരീക്ഷയാണ് നടത്തുന്നത്. തിയറി പരീക്ഷ എഴുത്തു പരീക്ഷയിൽ നിന്നു മാറ്റി പ്രാക്ടിക്കൽ പരീക്ഷയോടൊപ്പം കമ്പ്യൂട്ടറിലാണ് നടത്തപ്പെടുന്നത്.
4. ഇൻഫർമേഷൻ ടെക്നോളജി പരീക്ഷയുടെ തുടർമൂല്യനിർണയം, തിയറി പരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവയുടെ സ്കോർ ക്രമം 10:10:30 ആയിരിക്കും.
5. 80 സ്കോർ ഉള്ള വിഷയങ്ങൾക്ക് 2½ മണിക്കൂറും, 40 സ്കോർ ഉള്ള വിഷയങ്ങൾക്ക് 1½ മണിക്കൂറുമാണ് പരീക്ഷാ സമയം.

6. സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റിൽ സ്കോർ ഒഴിവാക്കി ഗ്രേഡ് മാത്രമേ രേഖപ്പെടുത്തുകയുള്ളൂ.

7. ഗ്രേഡിംഗ് 9 പോയിന്റ് സ്കെയിലിൽ ആണ് നടപ്പിലാക്കുന്നത്.
പരീക്ഷയുടെ വിഷയങ്ങൾ, സ്കോർ, സമയം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിഷയങ്ങൾ | സ്കോർ | | | | സമയം |
|---|---|---|---|---|---|---|
| | | സി.ഇ | തിയറി, പ്രാക്ടിക്കൽ പരീക്ഷകൾ | എഴുത്തു പരീക്ഷ | ആകെ | |
| 1 | ഒന്നാം ഭാഷ–പേപ്പർ ഒന്ന് | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 2 | ഒന്നാം ഭാഷ–പേപ്പർ രണ്ട് | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 3 | രണ്ടാം ഭാഷ–ഇംഗ്ലീഷ് | 20 | | 80 | 100 | 2 ½ മണിക്കൂർ |
| 4 | മൂന്നാം ഭാഷ–ഹിന്ദി/ ജനറൽ നോളഡ്ജ് | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 5 | സോഷ്യൽ സയൻസ് | 20 | | 80 | 100 | 2 ½ മണിക്കൂർ |
| 6 | ഊർജ്ജതന്ത്രം | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 7 | രസതന്ത്രം | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 8 | ജീവശാസ്ത്രം | 10 | | 40 | 50 | 1 ½ മണിക്കൂർ |
| 9 | ഗണിതശാസ്ത്രം | 20 | | 80 | 100 | 2 ½ മണിക്കൂർ |
| 10 | ഇൻഫർമേഷൻ ടെക്നോളജി | 10 | 10+30 | – | 50 | 1 മണിക്കൂർ |

<u>**ഗ്രേഡിംഗ് സ്കെയിൽ**</u>

| ഗ്രേഡ് | റേഞ്ച് | ഗ്രേഡ് വാല്യൂ | ഗ്രേഡ് പൊസിഷൻ |
|---|---|---|---|
| A + | 90 ശതമാനം മുതൽ 100 ശതമാനം വരെ | 9 | Outstanding |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ | 8 | Excellent |
| B + | 70 ശതമാനം മുതൽ 79 ശതമാനം വരെ | 7 | Very Good |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ | 6 | Good |
| C + | 50 ശതമാനം മുതൽ 59 ശതമാനം വരെ | 5 | Above Average |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ | 4 | Average |
| D + | 30 ശതമാനം മുതൽ 39 ശതമാനം വരെ | 3 | Marginal |
| D | 20 ശതമാനം മുതൽ 29 ശതമാനം വരെ | 2 | Need Improvement |
| E | 20 ശതമാനത്തിന് താഴെ | 1 | Need Improvement |

- **ഉന്നത വിദ്യാഭ്യാസത്തിനുള്ള അർഹത നേടുന്നതിന് ഓരോ പേപ്പറിനും തുടർമൂല്യ നിർണ്ണയത്തിന്റെ (CE) സ്കോറും എഴുത്തുപരീക്ഷയുടെ (TE) സ്കോറും/തിയറി, പ്രാക്ടിക്കൽ പരീക്ഷകളുടെ സ്കോറും ചേർത്ത് കണക്കാക്കുമ്പോൾ D+ ഗ്രേഡ് (30 –39%) എങ്കിലും നേടിയിരിക്കണം.**

## II. പഴയ സ്കീമിലെ പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

2020 മാർച്ച് വരെ നിലവിലുണ്ടായിരുന്ന സിലബസിൽ പഠിച്ച് ഉന്നതപഠനത്തിന് അർഹത നേടാത്തവർക്ക് സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന പത്താംതരം തുല്യതാ പരീക്ഷ എഴുതി തുടർ പഠനത്തിന് അർഹത നേടാവുന്നതാണ്.

## III. പരീക്ഷാർത്ഥികൾ ഉൾപ്പെടുന്ന വിഭാഗങ്ങൾ

പരീക്ഷാർത്ഥികളെ മൂന്ന് വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### A. റഗുലർ കാൻഡിഡേറ്റ്സ് (New Scheme)

പരീക്ഷ ആദ്യമായി എഴുതുന്നവർ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. 2025-2026 വർഷം നിലവിൽ വന്ന പുതിയ സ്കീമിലാണ് ഈ വിഭാഗത്തിലുള്ളവർ പരീക്ഷ എഴുതേണ്ടത്. ഇതിൽ നാല് വിഭാഗങ്ങൾ ഉണ്ട്.

#### i) സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് (SGC)

സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിൽ 2025-2026 അധ്യയന വർഷം 10-ാം തരത്തിൽ പഠിക്കുന്നവരും 01-06-2025-ൽ 14 വയസ്സ് പൂർത്തീകരിച്ചവരുമായ വിദ്യാർത്ഥികൾക്ക് സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് ആയി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

#### ii) റീ-അഡ്മിറ്റഡ് കാൻഡിഡേറ്റ്സ് (RAC)

2024-2025 അധ്യയന വർഷം ഏതെങ്കിലും കാരണത്താൽ കോഴ്സ് പൂർത്തിയാക്കാൻ കഴിയാതെ അഡ്മിഷൻ രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യപ്പെടുകയും എന്നാൽ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രത്യേക ഉത്തരവിലൂടെ 2025-26 അധ്യയന വർഷം അതേ സ്കൂളിൽ പുന:പ്രവേശനം നേടുകയും ചെയ്ത വിദ്യാർത്ഥി കൾക്ക് സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് ആയി പരീക്ഷ എഴുതാവുന്നതാണ്.

#### iii) അറ്റൻഡൻസ് റീകൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC)

2024-2025 അധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയ്ക്കായി തയ്യാറാക്കിയ 'എ' ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നെങ്കിലും ഹാജർ കുറവായതുമൂലം പരീക്ഷ എഴുതാൻ കഴിയാതെ പോവുകയും ഈ അധ്യയനവർഷം ആ സ്കൂളിൽ പുന:പ്രവേശനം നേടുകയും ചെയ്തവർക്ക് അറ്റൻഡൻസ് റീകൂപ്പ്ഡ് കാൻഡിഡേറ്റ്സ് (ARC) വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. **ARC വിഭാഗം വിദ്യാർത്ഥികൾ 2025-26 വർഷത്തിലുള്ള പുതിയ സ്കീമിലാണ് പരീക്ഷയെഴുതേണ്ടത്.**

#### iv) കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ് (CCC)

**2024-2025** അധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷയ്ക്കായി തയ്യാറാക്കിയ 'എ ലിസ്റ്റിൽ'' ഉൾപ്പെട്ട് പരീക്ഷ എഴുതുന്നതിന് മതിയായ ഹാജർ നേടിയിരുന്നെങ്കിലും അസുഖം മൂലമോ സാധുവായ മറ്റ് കാരണത്താലോ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് ഈ വർഷം അതേ സ്കൂളിൽ 'കാൻഡിഡേച്ചർ കാൻസൽഡ് കാൻഡി ഡേറ്റ്സ് (CCC) എന്ന വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ഇവരും നിലവിലുള്ള

രീതിയിലാണ് ഐ.റ്റി പരീക്ഷ എഴുതേണ്ടത്. **CCC വിഭാഗം വിദ്യാർത്ഥികൾ 2024-25 വർഷം നിലവിലുണ്ടായിരുന്ന പഴയ സ്കീമിലാണ് പരീക്ഷ എഴുതേണ്ടത്.**

## B. <u>ബെറ്റർമെന്റ് ഓഫ് റിസൾട്ട് കാൻഡിഡേറ്റ്സ് (BT)</u>

എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടുകയും എന്നാൽ പരീക്ഷാഫലം മെച്ചപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് 07/05/1977-ലെ ജി.ഒ.(എം.എസ്) 98/77/പൊ.വി.വ ഉത്തരവിലും 19/01/1982-ലെ ജി.ഒ.(എം.എസ്) 8/82/പൊ.വി.വ ഉത്തരവിലും നിഷ്കർഷിച്ചിട്ടുള്ള താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരീക്ഷയ്ക്ക് ചേരാവുന്നതാണ്.

i. ഫലം മെച്ചപ്പെടുത്തുന്നതിനായി ഒരവസരം മാത്രമേ അനുവദിക്കുകയുള്ളു. എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച് മൂന്നു വർഷത്തിനകം ഫലം മെച്ചപ്പെടുത്തുന്നതിനായി പരീക്ഷ എഴുതേണ്ടതാണ്.

ii. ഈ കാലയളവിൽ മറ്റൊരു ഉയർന്ന യോഗ്യതയും നേടിയിരിക്കാൻ പാടുള്ളതല്ല.

iii. എല്ലാ വിഷയങ്ങൾക്കും പരീക്ഷ എഴുതേണ്ടതാണ്.

'സേ' പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത നേടിയവർക്കും ഇതിനുള്ള അവസരം ഉണ്ടായിരിക്കും. ഇങ്ങനെ പരീക്ഷ എഴുതുന്നവരിൽ അവർക്ക് ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ഉയർന്ന സ്കോറായിരിക്കും പരിഗണിക്കുന്നത്. 23/08/2008-ലെ ജി.ഒ(ആർ.റ്റി) നം.4168/05 ആയുള്ള സർക്കാർ ഉത്തരവ് പ്രകാരം ഇത്തരത്തിൽ നേടുന്ന സ്കോർ ഉപരിപഠനത്തിന് കണക്കാക്കുന്നതാണ്.

<u>പ്രത്യേക ശ്രദ്ധയ്ക്ക്-</u>

- **ARC, RAC എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ 2025-26 അധ്യയന വർഷം നിലവിൽ വന്ന പുതിയ സിലബസിലാണ് പരീക്ഷ എഴുതേണ്ടത്.**

***അഡീഷണൽ ഇംഗ്ലീഷ്, സ്പെഷ്യൽ ഇംഗ്ലീഷ്, ജനറൽ നോളഡ്ജ് എന്നീ വിഷയങ്ങൾക്ക് കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന സിലബസിലാണ് പരീക്ഷ എഴുതേണ്ടത്.***

## C. <u>പ്രൈവറ്റ് കാൻഡിഡേറ്റ്സ്</u>

### i. <u>പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം (PCO)</u>

2020-21 മുതൽ 2024-25 മാർച്ച് വരെ ഗ്രേഡിംഗ് സമ്പ്രദായത്തിൽ പത്താംതരം പരീക്ഷ എഴുതി ഉപരിപഠനത്തിന് അർഹത ലഭിക്കാതെപോയ പരീക്ഷാർത്ഥികൾക്ക്, യോഗ്യത നേടാത്ത വിഷയങ്ങൾക്ക് പ്രൈവറ്റ് കാൻഡിഡേറ്റ്സ് ഓൾഡ് സ്കീം വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ഇവർ യോഗ്യത നേടാത്ത മുഴുവൻ വിഷയങ്ങൾക്കും അപേക്ഷിക്കേണ്ടതാണ്.

### ii) <u>പ്രൈവറ്റ് കാൻഡിഡേറ്റ്സ് ന്യൂ സ്കീം (PCN)</u>

- ***<u>2025-26 അക്കാദമിക വർഷം പുതിയ സിലബസ് നിലവിൽ വന്നതിനാൽ 2026 മാർച്ചിൽ പി.സി.എൻ വിഭാഗം ഉണ്ടായിരിക്കുന്നതല്ല.</u>***

**പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികൾ (PCO) നിശ്ചിതമാതൃകയിലുള്ള അപേക്ഷയും (അനുബന്ധം എ), പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റും (അനുബന്ധം എ1) മുൻ അവസരങ്ങളിലെ ഒറിജിനൽ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളും പരീക്ഷാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.**

**പ്രൈവറ്റ് വിദ്യാർഥികളെ (PCO) സംബന്ധിച്ചിടത്തോളം അവർ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ സ്കൂൾ മുഖാന്തിരമാണ് പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. പരീക്ഷാകേന്ദ്രം മാറ്റണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് മുൻകൂട്ടി വാങ്ങേണ്ടതാണ്.**

**(പ്രത്യേക ശ്രദ്ധയ്ക്ക് :- SGC/RAC ഒഴികെയുള്ളവർ പരീക്ഷയ്ക്ക് ചേരുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ പ്രഥമാധ്യാപകർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്).**

## IV. <u>പ്രായപരിധി</u>

പരീക്ഷാർത്ഥികൾക്ക് 01/06/2025-ൽ 14 വയസ്സ് പൂർത്തിയായിരിക്കേണ്ടതാണ്. കുറഞ്ഞ പ്രായപരിധിയിൽ ആറ് മാസം വരെ ഇളവ് അനുവദിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. 02/11/2011-ലെ സ.ഉ. (എം.എസ്) 224/2011/പൊ.വി.വ. പ്രകാരം ആറ് മാസത്തിലധികമുള്ള വയസ്സിളവ് സർക്കാർ പരിഗണിക്കുന്നതാണ്. ഇതിനായി വിദ്യാർത്ഥിയുടെ രക്ഷകർത്താവിന്റെ അപേക്ഷ, ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പ്രധാനാധ്യാപകന്റെ ശിപാർശ എന്നിവ സഹിതം അപേക്ഷ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

## V. <u>ഐ.റ്റി. പരീക്ഷയെ സംബന്ധിച്ച വിശദാംശങ്ങൾ</u>

ജി.ഒ.(ആർ.റ്റി) നം.4610/2012/പൊ.വി.വ. തീയതി 28/09/2012 അനുസരിച്ച് SSLC IT വിഷയത്തിന്റെ സ്കോർ പരമാവധി 50 ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 40 സ്കോർ പൊതു പരീക്ഷയ്ക്കും 10 സ്കോർ നിരന്തര മൂല്യനിർണ്ണയത്തിനുമാണ്. പൊതുപരീക്ഷയുടെ 40 സ്കോറിൽ 10 സ്കോർ തിയറി പരീക്ഷയ്ക്കും 30 സ്കോർ പ്രായോഗിക പരീക്ഷയ്ക്കുമാണ്. തിയറി പരീക്ഷ പ്രാക്ടിക്കൽ പരീക്ഷയോടൊപ്പം നടത്തുന്നതാണ്.

### a) <u>പൊതു നിർദ്ദേശങ്ങൾ</u>

1. 2026 മാർച്ചിലെ എസ്.എസ്.എൽ.സി - ഐ.ടി. പ്രായോഗിക പരീക്ഷ സ്വതന്ത്ര സോഫ്റ്റ് വെയറിൽ മാത്രമാണ് നടത്തുന്നത്.
2. ഐ.റ്റി. തിയറി പരീക്ഷ പ്രായോഗിക പരീക്ഷയോടൊപ്പം തന്നെ നടത്തുന്നതാണ്.
3. തിയറി പരീക്ഷയുടെ മൂല്യനിർണ്ണയം സോഫ്റ്റ്വെയർ ഉപയോഗിച്ചും പ്രാക്ടിക്കൽ പരീക്ഷയുടെ മൂല്യനിർണ്ണയം നിലവിലുള്ളതുപോലെ അദ്ധ്യാപകരും നടത്തുന്നതാണ്.

### b) <u>പ്രായോഗിക പരീക്ഷ</u>

1. പ്രായോഗിക പരീക്ഷയ്ക്ക് ആകെ 30 സ്കോറാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ 28 സ്കോർ ഐ.ടി. ശേഷികൾ പരിശോധിക്കുന്നതിനും, 2 സ്കോർ പ്രാക്ടിക്കൽ വർക്ക് ബുക്കിന് വേണ്ടിയും നീക്കിവെച്ചിരിക്കുന്നു. സോഫ്റ്റ്വെയറിന്റെ സഹായത്തോടെ

നടത്തുന്ന 28 സ്കോറിനുള്ള പരീക്ഷയുടെ ഉത്തരങ്ങൾ ഇൻവിജിലേറ്റർമാരായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർ തന്നെയായിരിക്കും മൂല്യനിർണ്ണയം നടത്തുന്നത്. അദ്ധ്യാപകരുടെ മൂല്യനിർണ്ണയത്തിൽ ലഭിച്ച സ്കോറും, പ്രാക്ടിക്കൽ വർക്ക്ഷീറ്റിന് ലഭിച്ച സ്കോറും രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം സോഫ്റ്റ്‌വെയറിൽ ഉണ്ടായിരിക്കും.

2. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിൽ ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെയർ പരീക്ഷ നടത്തുന്നതിനായി ലഭ്യമാക്കുന്നതാണ്.
3. പ്രായോഗിക പരീക്ഷയുടെ സമയം 60 മിനിട്ടായിരിക്കും (അദ്ധ്യാപകർ മൂല്യനിർണ്ണയത്തിനെടുക്കുന്ന സമയം ഇതിൽ ഉൾപ്പെടുന്നില്ല). വിദ്യാർത്ഥികൾ പരീക്ഷയ്ക്ക് എടുക്കുന്ന സമയം സോഫ്റ്റ്‌വെയറിൽ കാണാവുന്നതാണ്.
4. **ഐ.ടി പ്രായോഗിക, തിയറി പരീക്ഷകൾക്ക് പുനർമൂല്യനിർണയം ഉണ്ടായിരിക്കുന്നതല്ല.**
5. **പ്രായോഗിക പരീക്ഷയ്ക്ക് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സ്കോറിന് രഹസ്യ സ്വഭാവമുള്ളതിനാൽ പരീക്ഷാ കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുള്ള സ്കോർ പ്രസിദ്ധപ്പെടുത്തുന്നതല്ല.**

## c) പ്രായോഗിക പരീക്ഷാകേന്ദ്രങ്ങൾ

1. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളും, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളും പരീക്ഷാകേന്ദ്രങ്ങളായിരിക്കും. ഏതെങ്കിലും സ്കൂളിൽ പരീക്ഷ നടത്താൻ വേണ്ട ഭൗതിക സാഹചര്യം ഇല്ലെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ നിർദ്ദേശിക്കുന്ന സ്കൂളുകൾ ഐ.ടി. പ്രായോഗിക പരീക്ഷാകേന്ദ്രങ്ങളായി പ്രഖ്യാപിച്ചുകൊണ്ട് പരീക്ഷാസെക്രട്ടറി വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.
2. ഐ.ടി. പ്രായോഗിക പരീക്ഷ നടത്താൻ നിശ്ചിത നിലവാരത്തിലുള്ള കമ്പ്യൂട്ടറുകൾ ആവശ്യത്തിനുള്ളതും എന്നാൽ എഴുത്തു പരീക്ഷാ കേന്ദ്രമായി പ്രഖ്യാപിക്കാത്തതുമായ സ്കൂളുകളെ പ്രത്യേക ഐ.ടി പരീക്ഷാകേന്ദ്രമായി (Special IT Exam Centre) പ്രഖ്യാപിക്കാൻ പരീക്ഷാ കമ്മീഷണർക്ക് അധികാരമുണ്ടായിരിക്കും.

## d) 2020–21 മുതൽ 2024–25 വരെ അധ്യയന വർഷങ്ങളിൽ നടന്ന ഐ.ടി. പരീക്ഷയിൽ ഉപരിപഠനത്തിനു യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. 2020–21 മുതൽ 2024–25 വരെ പൊതുപരീക്ഷയിൽ പങ്കെടുത്തെങ്കിലും ഐ.ടി.-ക്ക് ഉപരിപഠനത്തിന് യോഗ്യത നേടാത്ത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതാവുന്നതാണ്. ഇവരും കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന രീതിയിലാണ് ഐ.റ്റി പരീക്ഷ എഴുതേണ്ടത്.
2. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് ഐ.ടി. നിരന്തര മൂല്യനിർണ്ണയത്തിന് ആദ്യം ലഭിച്ച സ്കോർ തന്നെ നിലനിർത്തുന്നതായിരിക്കും.

# എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2026 – സമയ വിവര പട്ടിക

| തീയതി | ദിവസം | സമയം | വിഷയം |
|---|---|---|---|
| 05/03/2026 | വ്യാഴം | രാവിലെ 9.30 മുതൽ 11.15 വരെ | **ഒന്നാംഭാഷ– പാർട്ട് I**<br>മലയാളം/തമിഴ്/കന്നട/ഉറുദു/ഗുജറാത്തി/ അഡീ. ഇംഗ്ലീഷ്/അഡീ.ഹിന്ദി/സംസ്കൃതം (അക്കാദമിക്)/ സംസ്കൃതം ഓറിയന്റൽ– ഒന്നാം പേപ്പർ (സംസ്കൃത സ്കൂളുകൾക്ക്) അറബിക് (അക്കാദമിക്)/അറബിക് ഓറിയന്റൽ ഒന്നാം പേപ്പർ (അറബിക് സ്കൂളുകൾക്ക്) |
| 09/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | **രണ്ടാം ഭാഷ**<br>ഇംഗ്ലീഷ് |
| 11/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | **ഒന്നാം ഭാഷ പാർട്ട് II**<br>മലയാളം/തമിഴ്/കന്നട/സ്പെഷ്യൽ ഇംഗ്ലീഷ്/ ഫിഷറീസ് സയൻസ് (ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾക്ക്)/അറബിക് ഓറിയന്റൽ – രണ്ടാം പേപ്പർ (അറബിക് സ്കൂളുകൾക്ക്)/ സംസ്കൃതം ഓറിയന്റൽ – രണ്ടാംപേപ്പർ (സംസ്കൃതം സ്കൂളുകൾക്ക്) |
| 13/03/2026 | വെള്ളി | രാവിലെ 9.30മുതൽ 11.15 വരെ | **മൂന്നാം ഭാഷ**<br>ഹിന്ദി/ജനറൽ നോളഡ്ജ് |
| 16/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | ഗണിതശാസ്ത്രം |
| 18/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | ഊർജ്ജതന്ത്രം |
| 23/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 12.15 വരെ | സോഷ്യൽ സയൻസ് |
| 25/03/2026 | ബുധൻ | രാവിലെ 9.30 മുതൽ 11.15 വരെ | രസതന്ത്രം |
| 30/03/2026 | തിങ്കൾ | രാവിലെ 9.30 മുതൽ 11.15 വരെ | ജീവശാസ്ത്രം |

**ഐ.ടി. പ്രാക്ടിക്കൽ പരീക്ഷ 01.02.2026 മുതൽ 14.02.2026 വരെ**

## കുറിപ്പ്

പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവയെ അടിസ്ഥാനമാക്കി എസ്.എസ്.എൽ.സി പരീക്ഷയുടെ സമയക്രമത്തിൽ മാറ്റം ഉണ്ടാകാവുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. അംഗീകരിച്ചിട്ടുള്ള ഇന്ത്യൻ ഔദ്യോഗിക സമയക്രമം കൃത്യമായും പാലിക്കേണ്ടതാണ്.
2. പരീക്ഷാകമ്മീഷണറുടെ/സെക്രട്ടറിയുടെ നിർദ്ദേശം ഇല്ലാതെ യാതൊരു കാരണവശാലും പരീക്ഷ മാറ്റിവയ്ക്കുവാൻ പാടുള്ളതല്ല.

3. പരീക്ഷാ സമയവിവരപട്ടികയിൽ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ കൂടി മുകളിൽ പരാമർശിച്ച സമയവിവരപട്ടിക കർശനമായും പാലിക്കേണ്ടതാണ്.

4. എല്ലാ പരീക്ഷകൾക്കും ആരംഭത്തിലെ 15 മിനിറ്റ് ആശ്വാസ സമയമായിരിക്കും (Cool off Time).

# പൊതുനിർദ്ദേശങ്ങൾ

## VI. പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം

സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സ് അപേക്ഷ പ്രത്യേകമായി നൽകേണ്ടതില്ല. മറ്റു വിഭാഗങ്ങളിലെ പരീക്ഷാർത്ഥികൾ അപേക്ഷയും പരീക്ഷാ ഫീസും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള നിശ്ചിത തീയതിക്കുള്ളിൽ പരീക്ഷാ കേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകർക്ക് സമർപ്പിക്കേണ്ടതാണ്. ഓരോ വിഭാഗത്തിൽപ്പെടുന്നവർക്കും അപേക്ഷിക്കുന്നതിനായി പ്രത്യേകം അപേക്ഷാഫാറങ്ങൾ നിശ്ചയിച്ചി ട്ടുണ്ട്.

- മേൽ സൂചിപ്പിച്ച ഫാറങ്ങൾ ഈ ഓഫീസിൽ നിന്ന് അച്ചടിച്ച് വിതരണം ചെയ്യുന്നതല്ല. എ-4 സൈസ് പേപ്പറിൽ ടൈപ്പ് ചെയ്യപ്പെട്ട ഫാറമോ കൈയെഴുത്തു ഫാറമോ ഉപയോഗിക്കാവുന്നതാണ്.
- ഈ വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള മാതൃകയിലായിരിക്കണം ഫാറം തയ്യാറാക്കേണ്ടത്.
- പരീക്ഷാർത്ഥിയുടെ സ്വന്തം കൈപ്പടയിൽ ശ്രദ്ധാപൂർവ്വം ഫാറം പൂരിപ്പിക്കേണ്ടതാണ്.
- അപേക്ഷയോടൊപ്പം തിരിച്ചറിയൽ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ് (അനുബന്ധം എ1).
- പ്രൈവറ്റ് വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികൾ ഉപരിപഠനത്തിന് അർഹത ലഭിക്കാതെ പോയ മുഴുവൻ വിഷയങ്ങളും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ വിഷയങ്ങൾ ഏതൊക്കെയെന്ന് വളരെ ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തേണ്ടതും പരീക്ഷാഫീസ് പരീക്ഷാ സെന്ററിലെ പ്രഥമാദ്ധ്യാപകനെ ഏൽപ്പിക്കേണ്ടതുമാണ്.

- പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികൾ അവർ ആദ്യം എഴുതിയ സ്കൂളുകൾ തന്നെ പരീക്ഷാകേന്ദ്രങ്ങളായി തെരഞ്ഞെടുക്കേണ്ടതാണ്.
- ഇവർ മുമ്പ് എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ എല്ലാ ചാൻസിന്റെയും രജിസ്റ്റർ നമ്പറും വർഷവും അപേക്ഷാ ഫാറത്തിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ചാൻസ് വിട്ടുപോകുകയോ മറച്ചുവയ്ക്കുകയോ ചെയ്താൽ പരീക്ഷ എഴുതുവാൻ അനു വദിക്കുന്നതല്ല.
- മുമ്പ് ലഭിച്ചിട്ടുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- പ്രൈവറ്റ് വിഭാഗം വിദ്യാർത്ഥികൾ അഡ്മിഷൻ ടിക്കറ്റിൽ പതിക്കുന്നതിനായി തിരിച്ചറിയൽ സർട്ടിഫിക്കറ്റിൽ പതിച്ചിരിക്കുന്ന ഫോട്ടോയുടെ ഒരു കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഫോട്ടോയുടെ മറുവശത്ത് പേരു കൂടി രേഖപ്പെടുത്തേണ്ടതാണ്.
- അപേക്ഷ, എസ്.എസ്.എൽ.സി കാർഡ് തുടങ്ങിയവ ഏതെങ്കിലും മദ്ധ്യവർത്തികളെ ഏൽപ്പിക്കാതിരിക്കാൻ അപേക്ഷകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

♦ പൂർണ്ണമല്ലാത്തതും സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്തതും നിശ്ചിത ഫീസ് മുഴുവൻ അടയ്ക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

## VII പരീക്ഷാഫീസ്

| | രൂപ |
|---|---|
| (എ) സ്കൂൾ ഗോയിംഗ് (SGC), ARC,CCC, RAC വിഭാഗങ്ങൾ | 30.00 |
| (ബി) പ്രൈവറ്റ് വിഭാഗം (ഒരു പേപ്പറിന്) | 20.00 |
| (സി) ബറ്റർമെന്റ് ഓഫ് റിസൾട്ട് വിഭാഗം | 200.00 |
| (ഡി) താമസിച്ച് ഒടുക്കുന്നതിനുള്ള പിഴ (ഫൈൻ) | 10.00 |

**ഒരു കാരണവശാലും പരീക്ഷാഫീസ് നേരിട്ട് തുകയായോ ചെക്കായോ മണിയോർഡറായോ പോസ്റ്റൽ ഓർഡറായോ മറ്റു വിധത്തിലോ ഈ ഓഫീസിലേക്ക് അയക്കുവാൻ പാടുള്ളതല്ല.** പരീക്ഷാ കേന്ദ്രത്തിലെ പ്രഥമാധ്യാപകൻ മുഖാന്തിരം മാത്രമേ പരീക്ഷാ ഫീസ് അടയ്ക്കുവാൻ പാടുള്ളു. ഒരിക്കൽ ഒടുക്കിയ പരീക്ഷാഫീസ് യാതൊരു കാരണവശാലും തിരിച്ചു കൊടുക്കുകയോ തുടർന്ന് വരുന്ന പരീക്ഷകൾക്ക് കണക്കാക്കുകയോ ഇല്ല. **താമസിച്ച് ലഭിക്കുന്ന അപേക്ഷകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല.**

## VIII. പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കൽ

1. ഗവൺമെന്റ് സ്കൂളുകളിൽ നിന്നോ എയ്ഡഡ് സ്കൂളുകളിൽ നിന്നോ പത്താം ക്ലാസിലെ പഠനം പൂർത്തിയാക്കി SGC ആയി വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികളെ പരീക്ഷാഫീസിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. 03-10-2001-ലെ G.O. (Rt) No. 3668/01 ജനറൽ എഡ്യൂക്കേഷൻ ഉത്തരവ് പ്രകാരം ബി.പി.എൽ ആണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട അധികാരികൾ നൽകുന്ന സാക്ഷ്യപത്രം വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളിൽ നിന്നും പ്രഥമാധ്യാപകർ വാങ്ങി സൂക്ഷിക്കേണ്ടതാണ്.
2. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റ് അർഹതയുള്ള വിഭാഗത്തിൽപ്പെട്ടവരും (ഒ.ഇ.സി) പരീക്ഷ എഴുതുന്നതിന് ആദ്യത്തെ രണ്ട് പ്രാവശ്യത്തേയ്ക്ക് ഫീസ് ഒടുക്കേണ്ടതില്ല. (17/6/1971-ലെ ഗവൺമെന്റ് ഉത്തരവ് (ആർ.റ്റി) 1387/71/എസ്.എഡ്യൂ). ഒന്നാം തവണ പരീക്ഷ എഴുതി ഉപരിപഠനത്തിന് യോഗ്യത നേടാത്തവർ മൂന്നുകൊല്ലത്തിനകം രണ്ടാം തവണയും പരീക്ഷ എഴുതുന്നുവെങ്കിൽ മാത്രമേ പ്രസ്തുത ആനുകൂല്യം ലഭ്യമാകൂ.
3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസില്ലാതെ അഞ്ചുവർഷം വരെ പരീക്ഷ എഴുതാവുന്നതാണ് (25/2/1981 ലെ ഗവൺമെന്റ് ഉത്തരവ് (ആർ.റ്റി) 680/81/ ജി. എഡ്യൂ).
4. അംഗീകൃത അനാഥാലയങ്ങളിലേയും സർക്കാർ ക്ഷേമസ്ഥാപനങ്ങളിലേയും അന്തേവാസികളായ പരീക്ഷാർത്ഥികളെ പരീക്ഷാഫീസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
5. RAC, ARC, CCC, BT എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് ഫീസിളവിന് അർഹത ഉണ്ടായിരിക്കുകയില്ല.
6. ക്രമനമ്പർ VIII (1) -ൽ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പത്താം ക്ലാസിലെ പഠനം പൂർത്തിയാക്കിയിട്ടുള്ള മാഹിയിലേയും ലക്ഷദ്വീപിലേയും വിദ്യാർത്ഥികൾക്ക് ആദ്യ തവണ പരീക്ഷ എഴുതുന്നതിന് ഫീസ് ഇളവ് ഉണ്ടായിരിക്കും.

7. അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകളിൽ നിന്ന് പത്താംക്ലാസ്സിലെ പഠനം പൂർത്തിയാക്കിയിട്ടുള്ളവർ (പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവരും കുടുംബികൾ ഉൾപ്പെടെ മതപരിവർത്തനം നടത്തിയവരും ഒഴികെ) പരീക്ഷ എഴുതുന്നതിനായി ഫീസ് ഒടുക്കേണ്ടതാണ്.

പ്രഥമാധ്യാപകർ പരീക്ഷാ ഫീസ് ശേഖരിച്ച് **"0202-01-102-99"** എന്ന ശീർഷകത്തിൽ ട്രഷറിയിൽ നിശ്ചിത തീയതിയ്ക്ക് മുമ്പായി ഒടുക്കുകയും ഒറിജിനൽ ചെലാൻ രസീത്, അപേക്ഷയോടൊപ്പം ആവശ്യമായ പരിശോധനയ്ക്ക് സ്കൂളിൽ സൂക്ഷിക്കേണ്ടതുമാണ്. പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളുടെ ഒറിജിനൽ എസ്.എസ്.എൽ.സി കാർഡ് കൂടി അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്. വിദ്യാർത്ഥികളുടെ ഓരോ ഇനത്തിലുള്ള ഫീസിനും സ്കൂളിൽ ഉപയോഗിക്കുന്ന ഫീസ് രസീത് ബുക്കിൽ നിന്നും രസീതുകൾ നൽകേണ്ടതാണ്.

## IX. എസ്.എസ്.എൽ.സി കാർഡിന്റെ വില

എല്ലാ വിഭാഗത്തിൽപ്പെട്ട പരീക്ഷാർത്ഥികളും എസ്.എസ്.എൽ.സി കാർഡിന്റെ വിലയായി 15 രൂപ നൽകേണ്ടതാണ്. എന്നാൽ ജി.ഒ.(എം.എസ്) നം. 6/09/പൊ.വി.വ., തീയതി 14/01/2009 പ്രകാരം അംഗീകൃത അനാഥാലയങ്ങളിലേയും സർക്കാർ ക്ഷേമസ്ഥാപനങ്ങളിലേയും അന്തേവാസികളായ പരീക്ഷാർത്ഥികളെ എസ്.എസ്.എൽ.സി കാർഡിന്റെ വില ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

പ്രഥമാധ്യാപകർ സർട്ടിഫിക്കറ്റ് കാർഡിന്റെ വില ശേഖരിച്ച് **"0202-01-102-92 അദർ റെസീപ്റ്റ്സ്"** എന്ന ശീർഷകത്തിൽ **27/11/2025 ന് മുൻപായി** പ്രത്യേകമായി ട്രഷറിയിൽ ഒടുക്കേണ്ടതും അസൽ ചെലാൻ തുടർന്നുള്ള പരിശോധനകൾക്ക് പരീക്ഷാകേന്ദ്രത്തിൽ തന്നെ സൂക്ഷിക്കേണ്ടതുമാണ്.

## X. പരീക്ഷാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്ന വിധം

സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സിന്റെ വിവരങ്ങളും ഫോട്ടോയും സമ്പൂർണ്ണ – iExaMS സംയുക്ത സോഫ്റ്റ്‌വെയർ വഴി ശേഖരിക്കുന്നതാണ്. പരീക്ഷാ സോഫ്റ്റ്‌വെയറായ iExaMS -ൽ പ്രഥമാദ്ധ്യാപകനും ക്ലാസ്സ് ടീച്ചർമാർക്കും പ്രത്യേകം ലോഗിനുകൾ ഉണ്ടാകും. റെഗുലർ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ക്ലാസ്സ് ടീച്ചർ ലോഗിനിലെ PRE EXAMINATION MENU വിലെ Candidate Details (Regular) എന്ന ലിങ്കിലൂടെ അഡ്മിഷൻ നമ്പർ നൽകിയാൽ ലഭിക്കുന്നതാണ്. വിദ്യാർത്ഥിയുടെ പ്രാദേശിക ഭാഷയിലുള്ള പേര് ടൈപ്പ് ചെയ്ത് നൽകി രജിസ്ട്രേഷൻ പൂർത്തീകരിക്കാവുന്നതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ വരുന്ന വിവരങ്ങൾ Check List ആയി പ്രിന്റ് എടുത്ത് കൃത്യത ഉറപ്പുവരുത്തുന്നതിനായി പ്രഥമാദ്ധ്യാപകൻ രക്ഷകർത്താക്കൾക്ക് യഥാസമയം നൽകേണ്ടതാണ്. രക്ഷകർത്താക്കളിൽ നിന്നും സാധുത ഉറപ്പാക്കി ലഭിക്കുന്ന വിദ്യാർത്ഥി വിവരങ്ങൾ HM ലോഗിനിലൂടെ വെരിഫിക്കേഷൻ പൂർത്തീകരിച്ച ശേഷമാണ് പരീക്ഷയുടെ തുടർപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്.

പരീക്ഷാകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളുടെ വിവരങ്ങൾ സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തുമ്പോൾ ഓരോ വിദ്യാർത്ഥിയുടെയും മുൻവർഷങ്ങളിൽ പരീക്ഷ എഴുതിയ രജിസ്റ്റർ നമ്പരും വർഷവും കൃത്യമായി നൽകേണ്ടതാണ്. മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ അപേക്ഷയിൽ നൽകാത്തവർക്ക് പരീക്ഷ എഴുതുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

പരീക്ഷാസോഫ്റ്റ്വെയറിലൂടെയുള്ള രജിസ്ട്രേഷനും അനുബന്ധ പ്രവർത്തനങ്ങളും സംബന്ധിച്ച വിശദനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള USER MANUAL പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

## XI. ആബ്സെന്റീസ് സ്റ്റേറ്റ്മെന്റ് & ആൻസർഷീറ്റ് ഡെസ്പാച്ച് ഡീറ്റെയിൽസ് എൻട്രി

ഓരോ പരീക്ഷ കഴിയുമ്പോഴും പരീക്ഷയ്ക്ക് പങ്കെടുക്കാതിരുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ (Absenteets entry) ഓൺലൈനായി iExaMS മുഖേന രേഖപ്പെടുത്തേണ്ടതും, എല്ലാ പരീക്ഷകളും കഴിഞ്ഞ ശേഷം കൺസോളിഡേറ്റഡ് ആബ്സെന്റീസ് ഷീറ്റ് iExaMS-ൽ പ്രിന്റ് എടുത്ത് ജില്ലാവിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കേണ്ടതുമാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ പരീക്ഷാകേന്ദ്രങ്ങളിലേയും ആബ്സെന്റീസ് സ്റ്റേറ്റുമെന്റ് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തി ആഫീസിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ആബ്സെന്റീസ് വിവരം യഥാസമയം ഓൺലൈൻ എൻട്രി നടത്താത്ത ചീഫ് സൂപ്രണ്ടുമാർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

പരീക്ഷാകേന്ദ്രത്തിൽ നിന്ന് ക്യാമ്പുകളിലേയ്ക്ക് അയക്കുന്ന പേപ്പറുകളുടെ വിവരങ്ങൾ അതാതു ദിവസം iExaMS-ലെ HM ലോഗിനിലെ Answer Script Despatch Details Entry ലിങ്കിലൂടെ രേഖപ്പെടുത്തേണ്ടതാണ്. ആബ്സന്റീസ് എൻട്രിയും Answer Script Despatch Details Entry യും സൂക്ഷ്മതയോടെ അതാത് ദിവസം തന്നെ രേഖപ്പെടുത്തേണ്ടത് ചീഫ് സൂപ്രണ്ടുമാരുടെ ഉത്തരവാദിത്തമാണ്.

## XII മറ്റ് നിർദ്ദേശങ്ങൾ

(എ) ഗൾഫ് മേഖലയിലേയും ലക്ഷദ്വീപിലേയും പരീക്ഷാകേന്ദ്രങ്ങളിലെ പ്രഥമാദ്ധ്യാപകർ പരീക്ഷാ ഫീസും എസ്.എസ്.എൽ.സി കാർഡിന്റെ വിലയും ഡിമാന്റ് ഡ്രാഫ്റ്റായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറിയുടെ പേരിൽ അയയ്ക്കേണ്ടതാണ്.

(ബി) **പ്രൈവറ്റ് വിഭാഗം പരീക്ഷാർത്ഥികളിൽ നിന്നും പരീക്ഷാഫീസ് സ്വീകരിക്കുമ്പോൾ അവരുടെ എസ്.എസ്.എൽ.സി കാർഡിൽ തിരുത്തലുകളോ ക്രമക്കേടുകളോ നടന്നിട്ടില്ലെന്നും അപേക്ഷകളിൽ അവർ മുമ്പ് എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രഥമാദ്ധ്യാപകർ ഉറപ്പ് വരുത്തേണ്ടതാണ്.** അപേക്ഷയോടൊപ്പം മുൻ അവസരങ്ങളിലെ എസ്.എസ്.എൽ.സി. കാർഡ് പരീക്ഷാകേന്ദ്രങ്ങളിൽ സൂക്ഷിക്കേണ്ടതും പുതിയ സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ പഴയ കാർഡ് സഹിതം പരീക്ഷാർത്ഥികൾക്ക് തിരികെ നൽകേണ്ടതുമാണ്. **യാതൊരു കാരണവശാലും ഒറിജിനൽ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല.**

(സി) ഒരേ പേരുള്ള ഒന്നിലധികം വിദ്യാർത്ഥികളുണ്ടെങ്കിൽ അഡ്മിഷൻ ടിക്കറ്റ് വിതരണം ചെയ്യുമ്പോൾ ഇവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഡി) പ്രൈവറ്റ് വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം അവർ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ സ്കൂൾ മുഖാന്തിരമാണ് പിന്നീടുള്ള പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്. പരീക്ഷാകേന്ദ്രം മാറ്റണമെന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് മുൻകൂട്ടി വാങ്ങേണ്ടതാണ്.

(ഇ) അപേക്ഷ പ്രകാരം നിശ്ചയിച്ച പരീക്ഷാകേന്ദ്രം മാറുവാൻ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

## XIII. പരീക്ഷാഫീസ് ഒടുക്കേണ്ടതും കാൻഡിഡേറ്റ് ലിസ്റ്റ് സമർപ്പിക്കേണ്ടതുമായ തീയതികൾ

| | | |
|---|---|---|
| (എ) | അപേക്ഷയും ഫീസും പിഴ കൂടാതെ പരീക്ഷ സെന്ററുകളിലെ പ്രഥമാദ്ധ്യാപകർ സ്വീകരിക്കേണ്ട തീയതികൾ | : 12/11/2025 മുതൽ 19/11/2025 വരെ |
| (ബി) | 12/11/2025 മുതൽ 19/11/2025 വരെ ലഭിച്ച ഫീസുകൾ ട്രഷറിയിൽ ഒടുക്കേണ്ട തീയതി | : 21/11/2025 |
| (സി) | പിഴയോടുകൂടി പരീക്ഷാഫീസും അപേക്ഷയും സ്വീകരിക്കേണ്ട തീയതികൾ | : 21/11/2025 മുതൽ 26/11/2025 വരെ |
| (ഡി) | പിഴയോടുകൂടി ലഭിച്ചിട്ടുള്ള തുക ട്രഷറിയിൽ ഒടുക്കേണ്ട തീയതി | : 27/11/2025 |
| (ഇ) | എസ്.എസ്.എൽ.സി കാർഡിന്റെ തുക പ്രഥമാധ്യാപകർ ട്രഷറിയിൽ അടയ്ക്കേണ്ട അവസാന തീയതി | : 27/11/2025 |

**കുറിപ്പ്:– iExaMS ലൂടെയുള്ള online പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദനിർദ്ദേശങ്ങളും ഷെഡ്യൂളും പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.**

- നിശ്ചിത തീയതിക്കുശേഷം പ്രഥമാധ്യാപകർക്ക് പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല.
- പിരിച്ചെടുത്ത ഫീസുകൾ നിശ്ചിത തീയതിക്കുള്ളിൽ തന്നെ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. വൈകിയുള്ള പണം ഒടുക്കൽ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.
- അസ്സൽ ചെലാൻ, സർട്ടിഫിക്കറ്റ്, അപേക്ഷ എന്നിവ മറ്റു പരിശോധനകൾക്കായി പരീക്ഷാ കേന്ദ്രങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്.

## XIV. ഗ്രേസ് മാർക്ക് ആനുകൂല്യം

പുതിയ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഗ്രേസ്മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

## XV പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ

സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കുന്നതാണ്.

## XVI. പരീക്ഷാർത്ഥിത്വം റദ്ദാക്കൽ

ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിലേയ്ക്കായി നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷയും പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ സമ്മതമാണെന്ന വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും

സമ്മതപത്രവും പ്രഥമാദ്ധ്യാപകന് സമർപ്പിക്കേണ്ടതാണ് (ഫാറം അനുബന്ധം 'D' ആയി നൽകിയിരിക്കുന്നു). പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ ലഭിക്കുന്ന അപേക്ഷകൾ നിർദ്ദിഷ്ട തീയതിക്കുള്ളിൽ **iExaMS** ലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അർഹരായവർക്കുള്ള പരീക്ഷാർത്ഥിത്വം റദ്ദാക്കികൊണ്ടുള്ള ഉത്തരവ് HM ലോഗിനിൽ ലഭ്യമാക്കുന്നതാണ്. **ഐ.ടി പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ കഴിയുന്നതല്ല.**

**കുറിപ്പ്**

**എസ്.എസ്.എൽ.സി പരീക്ഷയോടനുബന്ധിച്ചുള്ള നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കി മാറ്റം ഉണ്ടാകാവുന്നതാണ്.**

## XVII. അഡ്മിഷൻ ടിക്കറ്റ് വിതരണം

### (എ) റഗുലർ വിദ്യാർത്ഥികൾ

- റഗുലർ വിദ്യാർത്ഥികളുടെ ഫോട്ടോയോടു കൂടിയ അഡ്മിഷൻ ടിക്കറ്റുകൾ മുൻ വർഷത്തെ പോലെ ഓൺലൈൻ വഴി ചീഫ് സൂപ്രണ്ടുമാർക്ക് ലഭിക്കുന്നതാണ്.
- പരീക്ഷ ആരംഭിക്കുന്നതിന് മൂന്നു ദിവസം മുമ്പെങ്കിലും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് നൽകേണ്ടതാണ്.
- അഡ്മിഷൻ ടിക്കറ്റ് നൽകുന്നതു സംബന്ധിച്ച് ഒരു രജിസ്റ്റർ ചീഫ് സൂപ്രണ്ട് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## XVIII. പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള അധികാരം

**എസ്.എസ്.എൽ.സി പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ** - ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും താൽക്കാലികമായി പിൻവലിച്ചാണ് ചെലവുകൾ വഹിക്കേണ്ടത്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീക്യൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും ജില്ലാ വിദ്യാഭ്യാസ ആഫീസർമാരെ 10/04/2012 ലെ **സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നം. 112/2012/പൊ.വി.വ. പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.** ഇതിനായി നിർദ്ദിഷ്ട ഫാറത്തിൽ ചീഫ് സൂപ്രണ്ടുമാർ മെയ് മാസാന്ത്യത്തിനു മുമ്പായി ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി അപേക്ഷ നൽകേണ്ടതാണ്. പരീക്ഷകളുടെ കണ്ടിജൻസി തുക അനുവദിക്കുന്നത് സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ പരീക്ഷാ കമ്മീഷണറുടെ 11/08/2010 ലെ ജി2/49919/09/സി.ജി.ഇ സർക്കുലറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് (അനുബന്ധം - എഫ്).

## XIX. ക്രമക്കേടുകൾ

പരീക്ഷാവേളയിൽ ഏതെങ്കിലും പരീക്ഷാർത്ഥി ക്രമക്കേടുകൾ ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ അതിന്മേൽ കൈകൊള്ളുന്ന തീരുമാനം അംഗീകരിച്ചുകൊള്ളാമെന്ന് വിദ്യാർത്ഥി എഴുതി സമർപ്പിച്ചാൽ പ്രസ്തുത പരീക്ഷാർത്ഥിയെ ഉടനടി ഹാളിൽ നിന്നും പുറത്താക്കേണ്ടതില്ല. അയാളെ തുടർന്ന് പരീക്ഷ എഴുതുവാൻ അനുവദിക്കാവുന്നതാണ്. അടുത്തിരിക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാപേപ്പർ നോക്കി എഴുതുക, മറ്റു വിദ്യാർത്ഥികൾക്ക് കണ്ടെഴുതുവാൻ സൗകര്യം നൽകുക, അന്യോന്യം സംസാരിക്കുക, എഴുതിയതോ അച്ചടിച്ചതോ ആയ കടലാസുകളുമായി പരീക്ഷാഹാളിനകത്ത് പ്രവേശിക്കുക

തുടങ്ങിയ പ്രവൃത്തികൾ ശിക്ഷാർഹമാകുന്നു. പരീക്ഷ നടന്നു കൊണ്ടിരിക്കുമ്പോൾ ഹാളിനകത്തോ, സ്കൂൾ പരിസരത്തോ ഏതെങ്കിലും വിദ്യാർത്ഥി പരീക്ഷാ നടത്തിപ്പിന് വിഘാതമായി പെരുമാറുകയോ അതിന് പ്രേരിപ്പിക്കുകയോ ചെയ്തതായി പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് ബോധ്യമായാൽ പ്രസ്തുത വിദ്യാർത്ഥിയെ പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്കു കൽപ്പിക്കാവുന്നതാണ്. ചീഫ് സൂപ്രണ്ടിന്റെ റിപ്പോർട്ടിൻമേൽ പ്രസ്തുത പരീക്ഷാർത്ഥിയുടെ/പരീക്ഷാർത്ഥികളുടെ പേരിൽ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. **Cool Off Time**–ൽ പരീക്ഷ എഴുതുക, പരീക്ഷാ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരോട് അശ്ലീല ഭാഷ ഉപയോഗിക്കുക, അപമര്യാദയായി പെരുമാറുക, മാർഗ്ഗ തടസ്സമുണ്ടാക്കുക, കയ്യേറ്റം ചെയ്യുകയോ/കയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുക, ഭീഷണിപ്പെടുത്തുക തുടങ്ങിയവ (സ്കൂളിനകത്തുവച്ചും സ്കൂളിനു പുറത്തു വച്ചും) ശിക്ഷാർഹമായ പ്രവൃത്തികളാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇതിന് കാരണക്കാരായവരുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുന്നതാണ്. കൂടാതെ കുറ്റത്തിന്റെ ഗൗരവമനുസരിച്ച് ക്രിമിനൽ കേസുകൾ ചാർജ് ചെയ്യുന്നതുമായിരിക്കും. ഇതുമായി ബന്ധപ്പെട്ട് ജോയിന്റ് കമ്മീഷണർ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

## XX. എസ്.എസ്.എൽ.സി.കാർഡുകളുടെ വിതരണം

(എ) **ഗ്രേഡ് രേഖപ്പെടുത്തിയ എസ്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യുന്നതിനായി ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസ് വഴി അയച്ചു കൊടുക്കുന്നതാണ്. വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ എസ്.എസ്.എൽ.സി കാർഡുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല.** ഇക്കാര്യം പരീക്ഷാ സെക്രട്ടറിയെ സ്കൂൾ അധികൃതർ രേഖാമൂലം അറിയിക്കേണ്ടതും വിതരണം ചെയ്യാൻ സാധിക്കാത്ത സർട്ടിഫിക്കറ്റുകൾ ഉചിതമാർഗ്ഗേന മടക്കി നൽകി ശരിയായ സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് വിതരണം **iExaMS** ലൂടെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

(ബി) എസ്.എസ്.എൽ.സി കാർഡ് പരീക്ഷാർത്ഥികൾക്ക് നൽകുന്നതിനു മുൻപ് പ്രഥമാദ്ധ്യാപകർ സർട്ടിഫിക്കറ്റിലെ വിവരങ്ങൾ ഡ്യൂപ്ലിക്കേറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ എസ്.എസ്.എൽ.സി കാർഡിന്റെ ഫോട്ടോകോപ്പി എടുത്ത് സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്. **സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനു മുമ്പായി സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായി പ്രത്യേക രജിസ്റ്ററിൽ വിദ്യാർത്ഥിയുടെ കൈയൊപ്പ് വാങ്ങേണ്ടതാണ്.** കാർഡിന്റെ വിവരശേഖരണ ഭാഗത്ത് അടിയിലായി പ്രഥമാദ്ധ്യാപകന്റെ ഒപ്പ് **കറുത്ത മഷിയിൽ തന്നെയാണ് പതിച്ചിരിക്കുന്നതെന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.** പേരും ഔദ്യോഗിക മേൽവിലാസവും രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്ര കൂടി പതിച്ചുവേണം സർട്ടിഫിക്കറ്റുകൾ പരീക്ഷാർത്ഥികൾക്കു നൽകേണ്ടത്.

(സി) **സർട്ടിഫിക്കറ്റിൽ ഒപ്പിടുന്നത് കറുത്ത മഷിയിലായിരിക്കണം. പച്ച മഷി ഉപയോഗിക്കുവാൻ പാടുള്ളതല്ല. അത്തരം സർട്ടിഫിക്കറ്റുകൾ ഉപയോഗശൂന്യമായി കണക്കാക്കുന്നതാണ്.**

(ഡി) **സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്ന സമയത്ത് സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യുകയോ പ്ലാസ്റ്റിക് കവറിൽ സൂക്ഷിക്കുകയോ ചെയ്യരുതെന്ന നിർദ്ദേശം നിർബന്ധമായും പ്രഥമാദ്ധ്യാപകർ പരീക്ഷാർത്ഥികൾക്ക് നൽകേണ്ടതാണ്.**

## XXI. ഉത്തരക്കടലാസുകളുടെ പുന:പരിശോധനയും ഫോട്ടോകോപ്പിയും പുനർ മൂല്യ നിർണയവും (അനുബന്ധം എച്ച്).

മൂല്യനിർണയം നടത്തിയ ഉത്തരക്കടലാസുകളുടെ സ്ക്രൂട്ടിനി, ഫോട്ടോകോപ്പി, പുനർമൂല്യനിർണയം എന്നിവയ്ക്ക് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി **അഞ്ച് ദിവസത്തിനകം online വഴി അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റ് ഔട്ട് പരീക്ഷ എഴുതിയ സെന്ററിലെ പ്രഥമാദ്ധ്യാപകർക്ക്** നൽകേണ്ടതുമാണ്. നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം പ്രഥമാദ്ധ്യാപകനെ ഏൽപ്പിക്കേണ്ടതുമാണ്. അപേക്ഷകളും ഫീസും പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. ഓരോന്നിനുമുള്ള നിബന്ധനകൾ താഴെ കൊടുത്തിരിക്കുന്നു.

### (എ) പുന:പരിശോധന (Scrutiny)

(1) പേപ്പർ ഒന്നിന് 50 രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.

(2) പുനർമൂല്യ നിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകൾക്ക് പ്രത്യേകം പുനഃപരിശോധന ആവശ്യമില്ല.

(3) അടയ്ക്കുന്ന തുക മടക്കികൊടുക്കുകയോ മറ്റേതെങ്കിലും ആവശ്യത്തിന് മാറ്റി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

### (ബി) ഫോട്ടോകോപ്പി (അനുബന്ധം എച്ച്)

(1) ഫോട്ടോകോപ്പി ലഭിക്കുന്നതിന് ഫീസായി ഒരു പേപ്പറിനു 200 രൂപയായി (ഇരുന്നൂറു രൂപാ മാത്രം) നിശ്ചയിച്ചിരിക്കുന്നു.

(2) **ഫോട്ടോ കോപ്പി ലഭിച്ചതിനു ശേഷം പുനർമൂല്യനിർണ്ണയത്തിന് നൽകുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

(3) അടയ്ക്കുന്ന തുക മറ്റേതെങ്കിലും ആവശ്യത്തിന് മാറ്റി പരിഗണിക്കുകയോ മടക്കി കൊടുക്കുകയോ ചെയ്യുന്നതല്ല.

### (സി) പുനർ മൂല്യനിർണ്ണയം (അനുബന്ധം എച്ച്)

(1) ഉത്തരക്കടലാസുകൾ രണ്ടാമതു മൂല്യനിർണയം നടത്തുന്നതിന് പരീക്ഷാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. അതിലേക്കുള്ള ഫീസ് പേപ്പർ ഒന്നിന് 400 രൂപ ക്രമത്തിൽ നിശ്ചയിച്ചിരിക്കുന്നു.

(2) 'എ+' ലഭിക്കുന്ന വിഷയങ്ങൾക്കും പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്.

(3) ഇപ്രകാരം അപേക്ഷകൾ നൽകുന്നവർ അതേ പേപ്പറിന് സ്ക്രൂട്ടിനിക്ക് വേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

(4) സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 157/08/പൊ.വി.വ. തീയതി 08/09/2008 പ്രകാരം എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് ഇതിനായി നൽകിയ ഫീസ് തിരികെ കൊടുക്കുന്നതാണ്.

(5) പുനർമൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുതായി ലഭിച്ച ഗ്രേഡുകൾ ഉൾപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സ്കൂൾ പ്രഥമാദ്ധ്യാപകർ വഴി വിതരണം ചെയ്യുന്നതാണ്. ഇതോടൊപ്പം നൽകിയ ഫീസും തിരികെ ലഭിക്കുന്നതാണ്.

(6) പുനർമൂല്യനിർണ്ണയത്തിലൂടെയോ സൂക്ഷ്മപരിശോധനയിലൂടെയോ ഗ്രേഡ് ഉയർത്തിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ പ്രസ്തുത ഫല പ്രഖ്യാപന തീയതി മുതൽ 2 മാസത്തിനകം പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന്റെ റിപ്പോർട്ടോടുകൂടി പരീക്ഷാ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ സ്ക്രൂട്ടിണി, ഫോട്ടോ കോപ്പി, പുനർമൂല്യ നിർണ്ണയം എന്നിവയ്ക്കായി സ്കൂളിൽ ലഭിച്ച അപേക്ഷകളുടെ സംക്ഷിപ്ത വിവരം പ്രഥമാദ്ധ്യാപകർ പരീക്ഷാഭവനിലേയ്ക്ക് നിർദ്ദേശിക്കുന്ന സമയപരിധിയ്ക്കുള്ളിൽ iExaMS മുഖേന online ആയി Upload ചെയ്യേണ്ടതാണ്.

## XXII <u>പരീക്ഷാസെന്ററിൽ ലഭിച്ച ഫീസ് ഒടുക്കുന്നത് സംബന്ധിച്ച്</u>

ഉത്തക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിനി, ഫോട്ടോകോപ്പി എന്നിവ യ്ക്കുവേണ്ടി സ്വീകരിക്കുന്ന ഫീസിൽ നിന്നും പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിക്കു ന്നവർക്ക് തിരികെ നൽകിയതിനു ശേഷമുള്ള തുക **<u>"0202-01-102-92–അദർ റസീപ്റ്റ്സ്"</u>** എന്ന ശീർഷകത്തിൽ ഒടുക്കി ഒറിജിനൽ ചെലാൻ സ്കൂളിൽ സൂക്ഷിക്കേണ്ടതും ചെലാന്റെ ഫോട്ടോകോപ്പിയും സ്റ്റേറ്റ്മെന്റും ജില്ലാവിദ്യാഭ്യാസ ഓഫീസിലേയ്ക്ക് നൽകേണ്ടതുമാണ് (അനുബന്ധം എച്ച്).

## XXIII <u>സ്കോർ വിവരം അറിയുന്നതിന്</u>

എസ്.എസ്.എൽ.സി ഫലപ്രഖ്യാപനം കഴിഞ്ഞ് മൂന്ന് മാസത്തിനകം പരീക്ഷാർത്ഥികൾക്ക് യാതൊരു കാരണവശാലും ലഭിച്ച സ്കോർ വിവരം നൽകുന്നതല്ല. എന്നാൽ ഉപരിപഠനത്തിനു പോകുന്നവർക്ക് പ്രവേശനത്തിനായി എസ്.എസ്.എൽ.സി പരീക്ഷയിൽ ലഭിച്ച സ്കോർ ആവശ്യമുണ്ടെങ്കിൽ വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയും 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷിച്ചാൽ, ചേരാനുദ്ദേശിക്കുന്ന സ്ഥാപനമേധാവിക്ക് രഹസ്യമായി സ്കോർ വിവരം അയച്ചു കൊടുക്കുന്നതാണ്. ജോലിയുടെ ആവശ്യത്തിനും ഇതുപോലെ സ്കോർ വിവരം നൽകുന്നതാണ്. പരീക്ഷ എഴുതി രണ്ടു വർഷം കഴിഞ്ഞവർക്ക് 200/- രൂപയുടെ ഡി.ഡി. അടച്ച് അപേക്ഷ സമർപ്പിച്ചാൽ ലഭിച്ച സ്കോർ അപേക്ഷകന് നേരിട്ട് നൽകുന്നതാണ്. സൂചന 4 - ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി ഫലം പ്രഖ്യാപിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം പരീക്ഷാ സെക്രട്ടറിയുടെ പേരിൽ 500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പരീക്ഷാഭവനിൽ നേരിട്ടോ, പ്രഥമാധ്യാപകർ മുഖേനയോ അപേക്ഷ സമർപ്പിക്കുന്ന പരീക്ഷാർത്ഥികൾക്ക് മാർക്ക് വിവരം നൽകുന്നതാണ്.

## XXIV <u>മൈഗ്രേഷൻ സർട്ടിഫിക്കറ്റ്</u>

പത്താം ക്ലാസ് പരീക്ഷ പാസ്സായവർക്ക് മറ്റു സംസ്ഥാനങ്ങളിൽ തുടർ പഠനം നടത്തുന്നതിന് ആവശ്യമായ മൈഗ്രേഷൻ സർട്ടിഫിക്കറ്റ് പരീക്ഷാഭവനിൽ നിന്ന് നൽകുന്നതാണ്. ഇതിനായി നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ 50/- രൂപ ചെലാനും **<u>("0202-01-102-92 അദർ റസീപ്റ്റ്സ്")</u>** ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം അപേക്ഷിക്കേണ്ട താണ് (അനുബന്ധം ജി).

പരീക്ഷാർത്ഥികളുടെ വിവരങ്ങളടങ്ങിയ **'എ' ലിസ്റ്റിൽ തെറ്റ് വരുത്തുക, വിതരണത്തിന് നൽകുന്ന സർട്ടിഫിക്കറ്റുകളിൽ പച്ച മഷി ഉപയോഗിച്ച് ഒപ്പ് രേഖപ്പെടുത്തുക** തുടങ്ങിയ പ്രവൃത്തികൾ ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതാണ്. അതിനാൽ പരീക്ഷയുടെ

'എ' ലിസ്റ്റ് തയ്യാറാക്കുന്നത് മുതൽ സർട്ടിഫിക്കറ്റ് വിതരണം പൂർത്തിയാക്കുന്നത് വരെയുള്ള കാര്യങ്ങൾ അതീവ ശ്രദ്ധയോടു കൂടി എല്ലാ ചീഫ് സൂപ്രണ്ടുമാരും നിർവ്വഹിക്കേണ്ടതാണ്.

പരീക്ഷാർത്ഥികൾ പരീക്ഷാസംബന്ധമായ നിയമങ്ങളും വ്യവസ്ഥകളും പാലിക്കാൻ ബാധ്യസ്ഥരാണ്. പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**പരീക്ഷാ കമ്മീഷണർ**

OFFICE OF THE COMMISSIONER FOR GOVT. EXAMINATIONS * PAREEKSHA BHAVAN * TRIVANDRUM-695 012 *

**അനുബന്ധം - എ**

**എസ്.എസ്.എൽ.സി പരീക്ഷ - മാർച്ച് 2026**

**അപേക്ഷാഫാറം [PVT/BT]**

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :
2. പരീക്ഷാർത്ഥിയുടെ പേര് :
3. ആൺകുട്ടി/ പെൺകുട്ടി/മറ്റുള്ളവർ :
4. മേൽവിലാസം ഫോൺ നമ്പർ :
5. മതവും ജാതിയും :
6. ഫീസിളവിന് അർഹതയുണ്ടോ? എങ്കിൽ ഏത് വിഭാഗം :
7. ജനനത്തീയതി :
8. രക്ഷകർത്താവിന്റെ പേര് :
9. പഠന മാധ്യമം :
10. പരീക്ഷ എഴുതുന്ന സ്കീം-PCO :
11. പരീക്ഷ എത്രാമത്തെ തവണയാണ് എഴുതുന്നത് :
12. ഉപരിപഠനത്തിന് അർഹത ലഭിക്കാത്ത എത്ര പേപ്പറുകളുണ്ട് :
13. പരീക്ഷ എഴുതുന്ന പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | പേപ്പറിന്റെ പേര് | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

**14. മുൻപ് പരീക്ഷ എഴുതിയ മുഴുവൻ അവസരങ്ങളുടെയും വിവരങ്ങൾ**

| ക്രമ നം | രജിസ്റ്റർ നമ്പർ | വർഷം |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |

**15. ജയിച്ച എല്ലാ പേപ്പറുകളുടേയും വിവരങ്ങൾ**

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | വർഷം | വിഷയം | ലഭിച്ച ഗ്രേഡ് |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |
| 8 | | | | |
| 9 | | | | |
| 10 | | | | |

16. പരീക്ഷാഫലം മെച്ചപ്പെടുത്തുന്നതിനാണോ അപേക്ഷിക്കുന്നത് : അതെ / അല്ല

17. ഫീസ് ഒടുക്കിയതിന്റെ വിവരം

| ഫീസ് | പിഴ | എസ്.എസ്.എൽ.സി കാർഡിന്റെ വില | ആകെ | തുക ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|
| | | | | |

18. മറ്റു വിവരങ്ങൾ (ഉണ്ടെങ്കിൽ ) :

മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്. മുൻപ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളുടെയും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നു. എല്ലാ അവസരങ്ങളിലെയും വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരീക്ഷാർത്ഥിയുടെ ഒപ്പ്

സ്ഥലം:
തീയതി:

## അനുബന്ധം – എ1
## എസ്.എസ്.എൽ.സി പരീക്ഷ – മാർച്ച് 2026
## പരീക്ഷാർത്ഥിയെ തിരിച്ചറിയുന്നതിനുള്ള സർട്ടിഫിക്കറ്റ്

(ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ/പരീക്ഷാർത്ഥി പഠിച്ചിരുന്ന ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകർ/ തുടങ്ങിയവർക്ക് ഈ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്താവുന്നതാണ്)

| |
|---|
| ഫോട്ടോ<br>പതിക്കുക |

തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ഫോട്ടോയുടെ പുറത്ത് ഒപ്പിടേണ്ടതാണ്. ഫോട്ടോയിൽ റബ്ബർ സ്റ്റാമ്പ് പതിക്കുവാൻ പാടില്ല

1. പരീക്ഷാർത്ഥിയുടെ പേര് :

2. ജനനതീയതി :

3. പൂർണ്ണമായ മേൽവിലാസം :

4. സാക്ഷ്യപ്പെടുത്തുന്ന ആഫീസറുടെ പേരും ഉദ്യോഗപ്പേരും വിലാസവും :

5. പരീക്ഷാർത്ഥിയുടെ ഒപ്പ് :

(തിരിച്ചറിയൽ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥന്റെ മുമ്പിൽ വച്ച് ഒപ്പ് ഇടേണ്ടതാകുന്നു)

2026 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷാർത്ഥിയായ ........................................................................................

.................................................................................................................................................... ന്റെ/യുടെ ഒപ്പും

ഫോട്ടോയും ഞാൻ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.

ഓഫീസ് മുദ്ര

തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
നൽകുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്

സ്ഥലം :

തീയതി :

## <u>അനുബന്ധം – ബി</u>
## എസ്.എസ്.എൽ.സി പരീക്ഷ – മാർച്ച് 2026
## അപേക്ഷാഫാറം (RAC,ARC/CCC)

1. പരീക്ഷാ കേന്ദ്രത്തിന്റെ പേരും സെന്റർ കോഡും :
2. പരീക്ഷാർത്ഥിയുടെ പേര് :
3. അഡ്മിഷൻ നമ്പർ :
4. ആൺകുട്ടിയോ/ പെൺകുട്ടിയോ/ മറ്റുള്ളവർ :
5. മേൽവിലാസം :
   ഫോൺ നമ്പർ
6. 1) മതവും ജാതിയും :
   2) വിഭാഗം : SC/ST/OEC/OBC/Gl.
7. ജനനത്തീയതി :
8. പൗരത്വം :
9. പിതാവിന്റെ പേര് :
10. മാതാവിന്റെ പേര് :
11. രക്ഷാകർത്താവിന്റെ പേര് :
12. പഠന മാധ്യമം :
13. ഒന്നാം ഭാഷ Part I :
    Part II :
14. മൂന്നാം ഭാഷ :
15. അപേക്ഷ ഉൾപ്പെടുന്ന വിഭാഗം : RAC/ARC/ CCC
16. മുൻ അവസരം റദ്ദാക്കിയതിന്റെ ഉത്തരവ് നമ്പർ :
    (ഉത്തരവിന്റെ കോപ്പിയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്)
17. എ.ആർ.സി വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ ഈ വർഷം ആവശ്യമായ ഹാജർ നേടിയിട്ടുണ്ടോ? : ഉണ്ട് / ഇല്ല
18. ഐഡന്റിഫിക്കേഷൻ മാർക്ക് :
    1.
    2.
19. ഫീസ് ഒടുക്കിയതിന്റെ വിവരം

| ഫീസ് | പിഴ | എസ്.എസ്.എൽ.സി കാർഡിന്റെ വില | ആകെ | തുക ഒടുക്കിയതിന്റെ വിവരം |
|---|---|---|---|---|
| | | | | |

**മേൽപ്പറഞ്ഞിട്ടുള്ള വസ്തുതകൾ സത്യമാണ്.**

സ്ഥലം :
തീയതി :

പരീക്ഷാർത്ഥിയുടെ ഒപ്പ്

## അനുബന്ധം - സി

### എസ്.എസ്.എൽ.സി. പരീക്ഷ - മാർച്ച് 2026

### സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ആനുകൂല്യത്തിനുള്ള അപേക്ഷ

1. പരീക്ഷാ കേന്ദ്രത്തിന്റെ പേര് :
2. സെന്റർ കോഡ് :
3. വിദ്യാഭ്യാസ ജില്ല :
4. വിദ്യാർത്ഥിയുടെ പേര് :
5. അഡ്മിഷൻ നമ്പർ :
6. വിദ്യാർത്ഥിയുടെ വയസ്സും ജനനത്തീയതിയും :
7. വിദ്യാർത്ഥിയുടെ മേൽവിലാസവും ഫോൺ നമ്പറും (കോഡ് സഹിതം) :
8. രക്ഷാകർത്താവിന്റെ പേര് :
9. ശാരീരിക വൈകല്യത്തിന്റെ സ്വഭാവം (വൈകല്യത്തെക്കുറിച്ചുള്ള പൊതുവിശദീകരണം രേഖപ്പെടുത്തുക) :
10. വൈകല്യത്തിന്റെ ശതമാനം/IQ :
11. നോട്ടിഫിക്കേഷൻ പ്രകാരം ആവശ്യമുള്ള പരീക്ഷാ ആനുകൂല്യങ്ങൾ :

(i) അധികസമയം ആവശ്യമാണോ? :

(ii) കണക്ക് വിഷയം ഒഴിവാക്കേണ്ടതുണ്ടോ? :

(iii)ഉണ്ടെങ്കിൽ പകരമായി തെരഞ്ഞെടുക്കുന്നവിഷയം:

(iv) ഭാഷാ വിഷയം ഒഴിവാക്കേണ്ടതുണ്ടോ? :

(v) ഉണ്ടെങ്കിൽ ഏതൊക്കെ : ഒന്നാം ഭാഷ : ..........................................

രണ്ടാം ഭാഷ : ..........................................

മൂന്നാം ഭാഷ : ..........................................

(vi) പകരമായി തെരഞ്ഞെടുത്ത വിഷയങ്ങൾ :

ഒന്നാം ഭാഷ - 1....................................2..........................................

രണ്ടാം ഭാഷ ..............................................................................

മൂന്നാം ഭാഷ ..............................................................................

(vii) ഗ്രേസ് മാർക്ക് ആവശ്യമുണ്ടോ? :..........................................

(കേൾവിക്കുറവുള്ള കുട്ടികൾ/ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ മാത്രം)

(viii) എഴുതാൻ സഹായിയുടെ ആവശ്യമുണ്ടോ? :..........................................

(ix) ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേഴ്സ് എന്നിവയിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ടോ?:..........................................

(x) വ്യാഖ്യാതാവിന്റെ സേവനം ആവശ്യമുണ്ടോ? :..........................................

---

(നോട്ട്: സ്ക്രൈബ്, ഇന്റർപ്രെട്ടർ- ഇതിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ആവശ്യപ്പെടാവൂ.)

12. വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അഥവാ ലേണിംഗ് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ മെഡിക്കൽ ആശുപത്രിയുടെ പേരും, മേൽവിലാസവും :

## സത്യപ്രസ്താവന

മേൽപ്പറഞ്ഞ വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും മാർച്ച് 2026 ലെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് മേൽ ആനുകൂല്യങ്ങൾ ആവശ്യമാണെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

വിദ്യാർത്ഥിയുടെ ഒപ്പ് :

സ്ഥലം :
തീയതി :

**രക്ഷാകർത്താവിന്റെ പേരും ഒപ്പും**

---

**ഓഫീസ് ഉപയോഗത്തിന് മാത്രം**

**അസ്ഥി സംബന്ധമായ വൈകല്യം (LMD/OH), സെറിബ്രൽ പാൾസി (CP), മറ്റുള്ളവർക്ക് സ്ക്രൈബിന്റെ സേവനം ലഭിക്കുന്നതിനുള്ള സാക്ഷ്യപത്രം**

ഈ വിദ്യാലയത്തിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥിയായ ............................................ ......... ന്റെ/യുടെ എഴുതുന്ന കൈയ്ക്ക് വൈകല്യമുള്ളതിനാൽ സ്വയം എഴുതാൻ കഴിയില്ലെന്നും സ്ക്രൈബിനെ ആവശ്യമുണ്ടെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഓഫീസ് മുദ്ര

പ്രധാനാദ്ധ്യാപകന്റെ പേരും ഒപ്പും തീയതി സഹിതം

---

**പ്രധാനാദ്ധ്യാപകന്റെ ശിപാർശ**

ഈ വിദ്യാലയത്തിലെ 10-ാം ക്ലാസ്സ് വിദ്യാർത്ഥിയായ ....................................... സവിശേഷ സഹായം ആവശ്യമുള്ള കുട്ടിയാണെന്നും അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്ന് പൂർണ്ണ ബോദ്ധ്യമുള്ളതിനാൽ ഉത്തരവിനായി ശിപാർശ ചെയ്യുന്നു. എസ്.എസ്.എൽ.സി. നോട്ടിഫിക്കേഷൻ പ്രകാരം ആവശ്യപ്പെട്ട എല്ലാ രേഖകളും ഇതോടൊപ്പം സമർപ്പിക്കുന്നു.

സ്ഥലം :
തീയതി :

(ഓഫീസ് സീൽ)

**പ്രധാനാദ്ധ്യാപകന്റെ പേരും ഒപ്പും**

---

**ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശിപാർശ**

എസ്.എസ്.എൽ.സി. മാർച്ച് 2026 നോട്ടിഫിക്കേഷൻ പ്രകാരം പരീക്ഷാനുകൂല്യങ്ങൾക്കായി ഹെഡ്മാസ്റ്റർ സമർപ്പിച്ച എല്ലാ ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വിദ്യാർത്ഥിക്ക് പരീക്ഷാ ഇളവുകൾ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നു.

സ്ഥലം :
തീയതി :

(ഓഫീസ് സീൽ)

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പേരും ഒപ്പും

അനുബന്ധം - ഡി

# എസ്.എസ്. എൽ. സി. പരീക്ഷ മാർച്ച് - 2026

## പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള അപേക്ഷ

## (Application for Cancellation of Candidature)

1. സെന്റർ നമ്പർ [    ]  2. വിദ്യാഭ്യാസ ജില്ല [    ]

3. പരീക്ഷാർത്ഥിയുടെ പേര് :

4. പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ :

5. സ്കൂളിന്റെ പേര് :

6. പരീക്ഷാർത്ഥിത്വം റദ്ദാക്കാനുള്ള കാരണം :

7. കാരണം തെളിയിക്കുന്നതിന് സമർപ്പിക്കുന്ന രേഖകൾ :

8. പരീക്ഷാർത്ഥിയെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ?

9. ഉണ്ടെങ്കിൽ നീക്കം ചെയ്ത തീയതിയും കാരണവും :

10. പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ സമ്മതമാണെന്ന വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടോ :

11. മറ്റെന്തെങ്കിലും വിവരങ്ങൾ

**മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കണമെന്ന് അപേക്ഷിക്കുന്നു.**

രക്ഷകർത്താവിന്റെ പേര് ഒപ്പ് :

## ഓഫീസ് ഉപയോഗത്തിന്

പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിനുള്ള അപേക്ഷയും സമ്മതപത്രവും പരിശോധിച്ച് മേൽ പ്രസ്താവിച്ച വിവരങ്ങൾ സത്യമാണെന്ന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ പരീക്ഷാർത്ഥിത്വം റദ്ദാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

സ്ഥലം :

തീയതി: സ്കൂൾ സീൽ **പ്രഥമാധ്യാപകന്റെ ഒപ്പ്**

***IT പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥിയുടെ പരീക്ഷാർത്ഥിത്വം റദ്ദാക്കാൻ സാധിക്കുന്നതല്ല.***

Appendix- E

No. CGL(1)56798/08/CGE

Office of the Commissioner for
Government Examinations,
Pareekshabhavan, Poojappura
Thiruvananthapuram-12
Dated: 06 /03/2013

## CIRCULAR

**Sub: General Education- SSLC and other public Examinations- Enhancement of Supervision Allowance, Stationery and contingent charges- Sanctioned orders issued.**

**Ref: 1. G.O.(MS) 112/2012/G.Edn Dtd. 10/04/2012**
**2. G.O.(M.S.) 57/2013/G.Edn Dtd. 16/02/2013**

Referring to the above the following are the details of enhanced rate of supervision allowance and other contingent charges.

| Sl.No. | Category | Existing Rate | Revised Rate |
|---|---|---|---|
| 1 | Chief Superintendent | Rs. 48 | Rs. 63 |
| 2 | Deputy Superintendent | Rs. 41 | Rs. 54 |
| 3 | Assistant | Rs. 34 | Rs. 45 |
| 4 | Clerk | Rs. 29 | Rs. 38 |
| 5 | Peon | Rs. 19 | Rs. 25 |
| 6 | Clerical Allowance | 60 ps | Rs.2/- Candidate subjected to a minimum of Rs.100/- per centre |
| 7 | Contingency | Rs.38 | Rs. 46/- for 50 candidate and Rs.20/-for every additional 50 candidate |
| 8 | Photocopy charges | - | Rs.1/- candidate |
| 9 | Transportation of answer script | 85 ps | Rs.1.50/--km/bundles |
| 10 | Stationery Article | Rs.168 | Rs.200/-for first 100 candidate and Rs.50/- for every additional 50 candidates |
| 11 | Stitching charges | Rs. 1.20 | For first 15 bags no stitching charge Rs.2/- for every additional bags. |

| Note :- The above reffered rates will be changed as per Government Order. |
|---|

The authority to verify and issue admissibility regarding the expenses related to the conduct of the examination is delegated to District Education Officers w.e.f. 10/04/2012.

The revised rates will be applicable from the SSLC Examination 3/2013 onwards. The expenditure will be met from the special fee fund and recouped later from the fund provided for the examination purpose. The Deputy Directors of Education are directed to re-allot the funds kept for meeting the expenditure for SSLC and other Public Examination 2012 March to the concerned District Educational Officers under their jurisdiction. They are also to directed to hand over the details of advance amount if any paid to the Chief Superintendent in connection with the public examinations, 3/2012 so as to settle the account in the DEO office at the earliest.

**(Sd/-)**
**JOINT COMMISSIONER**

**Copy to-**

**All Deputy Directors of Education**
**All District Educational Officers**

## അനുബന്ധം – എഫ്

നം ജി 2/49919/09/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം –12
തീയതി : 11.08.2010

## സർക്കുലർ

വിഷയം – പൊതു വിദ്യാഭ്യാസം – എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, ടി.ടി.സി തുടങ്ങിയ പരീക്ഷകളുടെ കണ്ടിജൻസി തുക പാസാക്കുന്നത് – സംബന്ധിച്ച്.

സൂചന:– 1. ജി.ഒ (എം.എസ്) 85/2005/ജി വിദ്യാഭ്യാസം തീയതി 15.03.2005

2. സർക്കുലർ നം. സി.ജി.എൽ (1) 24003/2004/സി.ജി.ഇ തീയതി 16.03.2005

3. സർക്കുലർ നം. സി.ജി.എൽ (1) 32771/2007/സി.ജി.ഇ തീയതി 16.10.2007

4. ജി.ഒ. (ആർ.ടി.) നം 220/08 ജി. വിദ്യാഭ്യാസം തീയതി 09.01.2008

5. സർക്കുലർ നം. ജി2/49919/09/സി.ജി.ഇ തീയതി 23.02.2010.

മേൽ സൂചനകൾ പ്രകാരം എസ്.എസ്.എൽ.സി., ടി.എച്ച്.എസ്.എൽ.സി, ടി.ടി.സി തുടങ്ങി പരീക്ഷാഭവൻ നടത്തുന്ന പരീക്ഷകളുടെ കണ്ടിജൻസി തുക സ്കൂളുകൾക്ക് പാസാക്കി നൽകുന്നതിനെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെയാണ് പല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരും തുക പാസാക്കി നൽകുന്നതെന്ന് ആക്ഷേപം വ്യാപകമായി ഉയർന്നു വന്നിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് കേസുകൾ കോടതിയിലും എത്തിയിരിക്കുന്നു. വ്യക്തമായ നിർദ്ദേശങ്ങൾ നിലനിൽക്കവേ അവ പാലിക്കാതെ അർഹതപ്പെട്ട തുക പാസ്സാക്കി നൽകാതിരിക്കുന്നത് കൃത്യവിലോപമായി കണക്കാക്കാവുന്നതാണ്. ആകയാൽ ഇക്കാര്യത്തിൽ താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

1. പരീക്ഷാർത്ഥികളുടെ എണ്ണം കുറവായതു കൊണ്ട് 30/– രൂപ ക്രമത്തിൽ നൽകുന്നത് ചെലവിന് മതിയാവാതെ വരുന്ന സ്കൂളുകൾക്ക് (225 പരീക്ഷാർത്ഥികളിൽ താഴെ വരുന്ന സെന്ററുകൾ) പരീക്ഷാനടത്തിപ്പിന് ചെലവായ തുക സൂചന 1 പ്രകാരം അനുവദിച്ച് നൽകേണ്ടതാണ്.
2. 2007,2008,2009,2010 വർഷങ്ങളിൽ എസ്.എസ്.എൽ.സിയും മറ്റു പരീക്ഷകളും നടത്തിയതിന്റെ ചെലവും ഈ രീതിയിൽ കണക്കാക്കി കുടിശിക ഉൾപ്പെടെ ബന്ധപ്പെട്ട സ്കൂളുകൾക്ക് നൽകേണ്ട താണ്. ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും പരാതിക്കിട നൽകാതെ തുക നൽകണമെന്നും പ്രത്യേകം നിർദ്ദേശിക്കുന്നു.

ഒപ്പ്/–
പരീക്ഷാ കമ്മീഷണർ

സ്വീകർത്താവ്

1) എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

## അനുബന്ധം–ജി

## മൈഗ്രേഷൻ സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള അപേക്ഷാഫാറം

1) അപേക്ഷകന്റെ/അപേക്ഷകയുടെ പേര് (മലയാളത്തിലും, ഇംഗ്ലീഷിലും :
2) അച്ഛന്റെ പേര്/രക്ഷകർത്താവിന്റെ പേര് :
3) എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നതപഠനത്തിന് അർഹത നേടിയിട്ടുണ്ടോ : ഉണ്ട് ☐ ഇല്ല ☐
4) എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നതപഠനത്തിന് അർഹത നേടിയ വർഷവും രജിസ്റ്റർ നമ്പറും :
5) അപേക്ഷകൻ/അപേക്ഷക പഠിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെയും സംസ്ഥാനത്തിന്റെയും പേര് :
6) അപേക്ഷകന്റെ/അപേക്ഷകയുടെ മേൽ വിലാസം (പിൻ കോഡ്, ഫോൺ നമ്പർ സഹിതം) :

അപേക്ഷകന്റെ/അപേക്ഷകയുടെ ഒപ്പ്

സ്ഥലം:
തീയതി :

**അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ(✓) ചെയ്യുക**

1) നിർദ്ദിഷ്ട അപേക്ഷാഫാറം
2) " 0202–01–102–92 അദർ റസീപ്റ്റ്സ്"എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച 50/– രൂപയുടെ അസൽ ചെലാൻ
3) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ കോപ്പി സ്കൂൾ മേധാവി സാക്ഷ്യപ്പെടുത്തിയത്
4) 9.35 X 4.25 ഇഞ്ച് വലിപ്പത്തിലുള്ള പോസ്റ്റേജ് കവർ (മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കേണ്ട മേൽ വിലാസം എഴുതി 22/– രൂപയുടെ സ്റ്റാമ്പ് പതിച്ചത്)

## സ്കൂൾ മേധാവിയുടെ ശിപാർശ

............വർഷത്തിൽ രജിസ്റ്റർ നമ്പർ.........................പ്രകാരം ഈ സ്ഥാപനത്തിൽ പരീക്ഷ എഴുതിയ ശ്രീമാൻ/ശ്രീമതി....................................................ഉന്നത പഠനത്തിന് അർഹത നേടിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു. മേൽപ്പറഞ്ഞ രേഖകൾ സഹിതം അപേക്ഷ അയയ്ക്കുന്നു. മൈഗ്രേഷൻ സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

സ്കൂൾ മേധാവിയുടെ പേരും ഒപ്പും

സ്ഥലം:
തീയതി:

(ആഫീസ് മുദ്ര)

## അനുബന്ധം – എച്ച്

## എസ്.എസ്.എൽ.സി പരീക്ഷ – മാർച്ച് 2026

## അപേക്ഷാഫാറം (ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന, ഫോട്ടോകോപ്പി, പുനർമൂല്യനിർണ്ണയം)

1. രജിസ്റ്റർ നമ്പർ :

2. പരീക്ഷാർത്ഥിയുടെ പേര് :
3. മേൽവിലാസം :
   ഫോൺ നമ്പർ

4. പരീക്ഷാ കേന്ദ്രത്തിന്റെ പേരും :
   സെന്റർ കോഡും

5. പഠന മാധ്യമം :

6. പരീക്ഷ പേപ്പറുകളുടെ വിവരം

| ക്രമ നമ്പർ | വിഷയം | ലഭിച്ച ഗ്രേഡ് | ഏതൊക്കെ വിഭാഗത്തിന് അപേക്ഷ നൽകിയിട്ടുണ്ട് (X ചിഹ്നം രേഖപ്പെടുത്തുക) | | | ഫീസ് ഒടുക്കിയത് |
|---|---|---|---|---|---|---|
| 1 | | | സൂക്ഷ്മ പരിശോധന (50/-രൂപ) | ഫോട്ടോകോപ്പി (200/-രൂപ) | പുനർമൂല്യ നിർണ്ണയം (400/-രൂപ) | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | | | | | |

7. പരീക്ഷാകേന്ദ്രത്തിൽ ഫീസ് ഒടുക്കിയതിന്റെ വിവരം

| രസീത് നമ്പർ | തീയതി | തുക | | | ആകെ |
|---|---|---|---|---|---|
| | | സൂക്ഷ്മപരിശോധന | ഫോട്ടോകോപ്പി | പുനർമൂല്യനിർണ്ണയം | |
| | | | | | |

സ്ഥലം :
തീയതി :

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

കുറിപ്പ്: നിശ്ചിത ഫീസ് പണമായി സ്കൂൾ മേധാവിയെ ഏൽപ്പിക്കേണ്ടതാണ്.